# നിങ്ങൾ തന്നെ അവർക്ക് ഭക്ഷിക്കാൻ കൊടുക്കുവിൻ.

മർക്കോസ് 6,37

## വിചിന്തനം

നവംബർ 2025

വർഷങ്ങൾക്ക് മുൻപ് നടന്ന ഒരു  ജീസസ് യൂത്ത് കൺവെൻഷനിൽ, രാവിലെത്തെ സ്തുതിയും ആരാധനയും നടക്കുകയാണ്. ഞങ്ങൾ മധ്യസ്ഥപ്രാർത്ഥനാ ടീമംഗങ്ങൾ പള്ളിക്കുള്ളിൽ പ്രാർത്ഥിച്ചു കൊണ്ടിരുന്നപ്പോൾ യൂത്ത് കോ-ഓർഡിനേറ്ററും ആനിമേറ്ററും എന്നെ സമീപിച്ചു. പ്രസംഗിക്കാമെന്ന് ഏറ്റിരുന്ന പ്രഭാഷകന് വരാൻ കഴിയില്ല. ഗാനാലാപം പത്ത് മിനിറ്റ് കൂടെ നീട്ടുമെന്നും ആ സമയത്തു വചനശുശ്രൂഷയ്ക്കായി സ്റ്റേജിലേക്ക് കയറണമെന്നും വെറും ഇരുപത്  വയസ്സുകാരനായ എന്നോട് അവർ ആവശ്യപ്പെട്ടു! അന്ന് വിറയ്ക്കുന്ന മുട്ടുകളുമായി സ്റ്റേജിലേക്ക് കയറുമ്പോൾ എന്റെ ആകെ ആലംബം ഗലീലിയ ബാലന്റെ അഞ്ചപ്പം വർദ്ധിപ്പിച്ച അതേ യേശുവാണ് എന്നെ വിളിക്കുന്നതെന്ന ഉറപ്പായിരുന്നു.

'നിങ്ങൾ തന്നെ അവർക്ക് ഭക്ഷിക്കാൻ കൊടുക്കുവിൻ' എന്ന യേശുവിന്റെ വാക്കുകൾ അവന്റെ ശിഷ്യരെ എത്രമാത്രം അമ്പരപ്പിച്ചിരിക്കാം? അയ്യായിരത്തോളം പുരുഷന്മാരും അതിലേറെ സ്ത്രീകളും കുട്ടികളും! ജനക്കൂട്ടത്തെ പിരിച്ചുവിട്ടു ഗ്രാമങ്ങളിൽ പോയി അവർ ഭക്ഷണം വാങ്ങി കഴിക്കട്ടെ എന്ന 'തീർത്തും പ്രായോഗികമായ നിർദ്ദേശം' ഗുരു നിരാകരിച്ച സ്ഥിതിക്ക് തങ്ങൾ പന്ത്രണ്ടു പേർ ചേർന്ന് യാതൊരു ഒരുക്കവും ഇല്ലാതെ പൊടുന്നനെ ഇത്രയധികം പേർക്ക് എങ്ങനെ ഭക്ഷണം നൽകും?

ദൈവരാജ്യത്തിന്റെ  സഹപൗരരും കൂട്ടു വേലക്കാരുമായി ഇവിടെ യേശു തന്റെ ശിഷ്യരെ ഒരുക്കുന്നു. സമാന്തര സുവിശേഷങ്ങൾ അനുസരിച്ച് ഈരണ്ടു പേരെ വീതം സുവിശേഷം അറിയിക്കാനും അശുദ്ധാത്മാക്കളെ പുറത്താക്കുന്നതിനും പറഞ്ഞയയ്ക്കുന്ന പരിശീലനത്തിന് ശേഷമാണ് അപ്പം വർദ്ധിപ്പിക്കുന്ന ഭാഗം വിവരിക്കുന്നത്. യേശുവിന്റെ കൂടെ കൂടിയ ശിഷ്യന്മാർ അവിടുത്തോടൊപ്പം നടന്നിരുന്നുവെങ്കിലും തങ്ങളുടെ ഗുരു എത്രമാത്രം ഗൗരവമുള്ള ദൗത്യമാണ് അവർക്കായി ഒരുക്കിയിരിക്കുന്നത് എന്ന് അവർ തിരിച്ചറിഞ്ഞില്ല. അവന്റെകൂടെ നടക്കുകയും അവൻ ആവശ്യപ്പെടുന്ന ചെറിയകാര്യങ്ങൾ ചെയ്യുന്നതിനുമപ്പുറം ദൈവജനത്തിനായി സ്വയംദാനം ചെയ്യാനുള്ള അപ്പോസ്തോലന്മാരായി തങ്ങളെ ഗുരു പ്രതീക്ഷിക്കുന്നുണ്ടെന്ന് അവർ കരുതിക്കാണില്ല.

ഭൗതികമായി ജനത്തിന് നൽകാൻ ശിഷ്യരുടെ കൈവശം ഒന്നുമില്ലായിരുന്നു. ആത്മീയ തലത്തിലും അവർ ആഴമുള്ളവരായിരുന്നില്ല. എങ്കിലും 'നിങ്ങൾ തന്നെ അവർക്ക് ഭക്ഷിക്കാൻ നൽകുക' എന്ന കൽപ്പനയിലൂടെ യേശു ശിഷ്യരെ വെല്ലുവിളിച്ചു; ഇന്ന് നമ്മളെയും. അഞ്ചപ്പവും രണ്ട് മീനും മാത്രമുള്ള കുഞ്ഞുങ്ങൾക്ക് പോലും ദൈവരാജ്യ നിർമ്മാണത്തിൽ വലിയ പങ്കുവഹിക്കാൻ കഴിയുമെങ്കിൽ എന്തു ഒഴിവുകഴിവ് പറഞ്ഞാണ് നമ്മൾ മാറിനിൽക്കുക? നമ്മുടെ പോരായ്മകളെയും ഇല്ലായ്മകളെയും ഓർത്ത് പരിതപിക്കാനല്ല, മറിച്ച് സർവ്വത്തിന്റെയും ഉടയവനായ ക്രിസ്തുവിലാശ്രയിച്ച് ചുവടു വയ്ക്കുമ്പോൾ, നമ്മുടെ മുന്നിൽ തുറക്കപ്പെടുന്ന വാതിലിലൂടെ ഇടയനില്ലാത്ത ആടുകളേപ്പോലെ നിരാലംബരായവരെ കാണാം.

സ്വീകർത്താക്കളുടെ തലത്തിൽ നിന്ന് ദാതാക്കളുടെ തലത്തിലേക്ക്, വിരുന്നുകാരിൽ നിന്ന് വിളമ്പുകാരനിലേക്ക് ശിഷ്യരെ ബോധപൂർവം നയിച്ച യേശു നമ്മെയും ക്ഷണിക്കുന്നത് കേൾക്കാനാവുന്നുണ്ടോ? അനുഗ്രഹങ്ങൾ സ്വീകരിക്കുക മാത്രം ചെയ്യുന്ന വിശ്വാസിയുടെ തലത്തിൽ നിന്ന് അവ മറ്റുള്ളവർക്ക് പകർന്നു നൽകാൻ തക്കവിധം ശിഷ്യത്വത്തിൽ വളരുക എന്നത് ക്രിസ്തുരൂപപ്പെടുന്നതിന്റെ അവിഭാജ്യ ഘടകമാണ്.

അവരുടെ കൈയിൽ ഒന്നുമില്ലെന്നറിഞ്ഞിട്ടും കൊടുക്കുവാൻ ആവശ്യപ്പെടുന്ന യേശുവിന്റെ കാഴ്ചപ്പാടെന്തായിരുന്നിരിക്കാം? ദൈവരാജ്യത്തിന്റെ പ്രവർത്തനരീതികൾ ശിഷ്യരെ പഠിപ്പിക്കുകയാണ് യേശു. അവൻ വിഭജിച്ചു നൽകിയ അപ്പമാണ് ശിഷ്യർ വിളമ്പിയത്. ശിഷ്യരുടെ ഉദാരതയെയും അനുസരണത്തെയും വളർത്തുവാനാണ് യേശു ആഗ്രഹിച്ചത്. എന്നാൽ തങ്ങളുടെ കൈവശം ഉള്ളതു കൊടുക്കാനാണ് ഗുരു ആവശ്യപ്പെടുന്നത് എന്ന് ചിന്തിച്ചാണ് ശിഷ്യർ ഉത്കണ്ഠാകുലരായത്. എല്ലാ ദൈവരാജ്യശുശ്രൂഷയുടെയും സ്രോതസ് ദൈവമാണ്. അത് നമ്മുടെ കഴിവുകളിലൂടെയും ഉദാരതയിലൂടെയും പങ്കുവയ്ക്കപ്പെടുന്നുവെന്നു മാത്രം.

പ്രത്യാശയുടെ തീർത്ഥാടകരായി ഈ ജൂബിലി വർഷത്തിലൂടെ കടന്നുപോകുമ്പോഴും അതോടൊപ്പം 2033 ലെ ക്രിസ്തുവിൻറെ ഉത്ഥാനത്തിൻറെ മഹാജൂബിലിക്കായ്  കാത്തിരിക്കുമ്പോഴും  നമ്മുടെ ചുറ്റുമുള്ളവരുടെ യഥാർത്ഥ വിശപ്പകറ്റാനുതകുന്ന ക്രിസ്തുവിന്റെ വചനം  അടിയന്തിരമായി പകരാൻ അവൻ നമ്മെ വിളിക്കുന്നു. ഒരുപക്ഷേ 'വളരെ പ്രായോഗികവും സ്വസ്ഥവും സുരക്ഷിതവുമായ' പ്രവർത്തന രീതികളും ജീവിതശൈലിയുമായി വിസ്താരമായ പാതയിലൂടെയാണ്  നാമിപ്പോൾ  സഞ്ചരിക്കുന്നതെങ്കിൽ  ഇടുങ്ങിയതും വെല്ലുവിളി നിറഞ്ഞതുമായ സുവിശേഷത്തിന്റെ കഠിന പാതയെ പുൽകാൻ സമയമായെന്ന് ഈ തിരുവചനം നമ്മെ ഓർമ്മപ്പെടുത്തുന്നു.

സഭയിൽ നിന്നും ജീസസ് യൂത്ത് മുന്നേറ്റത്തിൽ നിന്നും ഏറെ അനുഗ്രഹങ്ങൾ നാം സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ഇപ്പോൾ സ്വീകരിക്കുന്നതിനേക്കാൾ കൊടുക്കേണ്ടതിന്റെ മണിക്കൂറുകളാണ്. കൊടുക്കുന്നതാണ് സ്വീകരിക്കുന്നതിനേക്കാൾ ശ്രേയസ്കരം (അപ്പ പ്രവ 20,35) എന്ന് പരിശുദ്ധാത്മാവ് നമുക്ക് വെളിപ്പെടുത്തി തരട്ടെ.

തങ്ങളുടെയുള്ളിലെ വിശപ്പ് യഥാർത്ഥത്തിൽ ദൈവത്തിനുവേണ്ടിയാണെന്നറിയാതെ പൊട്ടക്കിണറുകളിൽ വിശപ്പകറ്റാൻ ശ്രമിക്കുന്ന തന്റെ മക്കളെ ഓർത്തുള്ള ദൈവത്തിന്റെ ഹൃദയനൊമ്പരം തിരിച്ചറിയാനാകാത്തത്ര ദൂരത്താണോ ഞാൻ? എന്റെ ജീവിതത്തിന്റെ വിശപ്പകറ്റാൻ ദൈവമെന്റെ ജീവിതത്തിലേക്കയയ്ക്കുന്ന ശിഷ്യരിലൂടെ ദൈവീകമന്ന ഭുജിച്ചു തൃപ്തിയടയുക മാത്രം ചെയ്യാതെ എന്റെ കർണ്ണങ്ങളിൽ പതിക്കുന്ന അവന്റെ മൊഴികൾ എന്റെ ഹൃദയത്തെ പിടിച്ചുലയ്ക്കട്ടെ. 'നിങ്ങൾ തന്നെ അവർക്ക് ഭക്ഷിക്കാൻ കൊടുക്കുവിൻ.' ആ ശിഷ്യരെപോലെ ദൈവത്തിൽ നിന്ന് സ്വീകരിച്ചു മറ്റുള്ളവർക്കു കൊടുക്കുന്നതാകട്ടെ ഓരോ ജീസസ് യൂത്തിന്റെയും ജീവിതശൈലി.

ലിയോ ടോം

---

*ഭാര്യ ഡോണയോടും നാല് മക്കളോടും ഒപ്പം തൃശൂരിൽ താമസിക്കുന്നു. ഇൻഷുറൻസ് സർവ്വേയർ. ഇന്റർനാഷണൽ ഫോർമേഷൻ ടീമംഗം.*